(6) കുമരകം പ്രൈമറി ഹെൽത്ത് സെൻറർ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, കുമരകം ഹെൽത്ത് സെൻറർ വളരെ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. ഇത് കുട്ടനാടൻ പ്രദേശത്തിൻറെ ഭാഗമാണ്. കർഷകത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളും പാവപ്പെട്ട കൃഷിക്കാരുമാണ് അവിടെ അധികവും. കീടനാശിനി പ്രയോഗിച്ചതിൻറെ ഫലമായി പുതിയ പുതിയ പല രോഗങ്ങളും കുട്ടനാടൻ പ്രദേശത്ത് ഉണ്ടാകുന്നു. ഈയിടെ കുപ്രസിദ്ധമായ ജാപ്പനീസ് രോഗമുണ്ടായല്ലോ? ആ രോഗം പിടിപെട്ട രോഗികളും ഉൾപ്പെടെ കുമരകം ഹെൽത്ത് സെൻററിൽ വന്നു കിടക്കാൻ ഇടയായി. അതുകൊണ്ട് ഈ ഹെൽത്ത് സെൻറർ അപ്ഗ്രേഡ് ചെയ്യണം. അവിടെ ഒരു എക്സ്റേ യൂണിറ്റ് അനുവദിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഈയിടെ അവിടെ ഒരു വാർഡിൻറെ ഉദ്ഘാടനത്തിനു വന്ന സമയത്ത് ഇക്കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. അതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ആരോഗ്യ വകുപ്പു മന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞ കാര്യത്തിലും മുന്തിയ പരിഗണനയുണ്ട്. കുമരകം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രവർത്തനക്ഷമമല്ലായിരുന്ന വാർഡിൻറെ ഉദ്ഘാടനത്തിനാണ് ഞാൻ അവിടെ ചെന്ന അവസരത്തിൽ നാട്ടുകാരും ജനപ്രതിനിധികളും ഇക്കാര്യം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ ഏരിയ വളരെ ഏറെ പരിഗണിക്കപ്പെടേണ്ട പ്രദേശമാണ്. കർഷകത്തൊഴിലാളികളും പാവപ്പെട്ടവരുമായ സാധാരണക്കാരായ ആളുകളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. ഇത് മെഡിക്കൽ കെയർ ഏറ്റവും കൂടുതൽ നൽകേണ്ട പ്രദേശമാണ്. അവിടെയുള്ള പോരായ്മകളും പരിഹരിക്കണമെന്ന കാര്യം ഗവൺമെൻറിൻറെ പരിഗണനയിലാണ്. കുമരകത്തെ യോഗത്തിൽ പങ്കെടുത്ത് മടങ്ങിവന്ന് അധികം താമസിയാതെതന്നെ കുമരകം ഹെൽത്ത് സെൻററിലേക്ക് അഞ്ചു നഴ്സുമാരുടേയും മൂന്ന് നഴ്സിംഗ് അസിസ്റൻറിൻറേയും ഫാർമസിസ്റൻറ് ഗ്രേഡ്-2 ആയി രണ്ടു പോസ്റുകളും അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവ് കൊടുക്കുകയുണ്ടായി. ആവശ്യമായ സ്റാഫില്ലാത്തതുകൊണ്ട് മറ്റു സ്ഥലങ്ങളിൽ നിന്ന് റീഅറേഞ്ച് ചെയ്തിട്ടാണ് അവിടെ വാർഡിൻറെ പ്രവർത്തനം തുടങ്ങിയത്. കുമരകത്തേക്ക് ആവശ്യമായ പാരാ മെഡിക്കൽ സ്റാഫിൻറെ തസ്തിക സൃഷ്ടിച്ച വിവരം ഞാൻ ബഹുമാനപ്പെട്ട മെമ്പറേയും ഈ സഭയേയും അറിയിക്കുകയാണ്. അതിൻറെ ഒന്നാം ഘട്ടം കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മറൊരു പ്രശ്നം ഇതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തണം എന്നതാണ്. അന്ന് ആ യോഗത്തിൽത്തന്നെ ഈ പ്രശ്നം ഉന്നയിച്ചിരുന്നു. ഞാൻ അത് പ്രത്യേകം പരിഗണിക്കാമെന്ന് അവിടെവച്ച് പറഞ്ഞതാണ്. ആ ഉറപ്പ് ഞാൻ വീണ്ടും ആവർത്തിക്കുന്നു. കുമരകം പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുന്നതിന് 1996-97 വർഷത്തിലെ സ്കീമിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. മൂന്നാമത്തെ കാര്യം എക്സ്റേ സംബന്ധിച്ചാണ്. അടുത്ത വർഷത്തെ ബഡ്ജറ്റിൽ എക്യുപ്മെൻറ്സ് വാങ്ങിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വകയിൽ കുമരകത്തെ എക്സ്റേ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ കൂടി വാങ്ങുന്നതിന് പ്രത്യേകം പരിഗണിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) വർക്കലയിലെ പ്രകൃതി ചികിൽസാകേന്ദ്രം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, വർക്കലയിലെ പ്രകൃതി ചികിൽസാകേന്ദ്രത്തെക്കുറിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. വർക്കലയിലെ പ്രകൃതി ചികിൽസാ കേന്ദ്രം കേരളത്തിലെ അപൂർവമായ ഒരു കേന്ദ്രമാണ്. അങ്ങ് ഉൾപ്പെടെ നമുക്കെല്ലാം വയസ്സുകാലത്ത് ചികിൽസയ്ക്ക് പറ്റിയ സ്ഥലമാണ്. ഞാനും ബഹുമാനപ്പെട്ട വി. എം. സുധീരനുംകൂടി അടുത്ത കാലത്ത് ആ കേന്ദ്രത്തിൽ പോയിരുന്നു. അവിടത്തെ രോഗികളിൽ ഒരാൾ നമ്മുടെ പഴയ ഡെപ്യൂട്ടി സ്പീക്കറും മുൻമന്ത്രിയുമായിരുന്ന ശ്രീ. ആർ. എസ്. ഉണ്ണിയാണ്. അദ്ദേഹംതന്നെ അവിടത്തെ ബുദ്ധിമുട്ടുകൾ ഞങ്ങളോട് വളരെ വിശദമായി പറയുകയുണ്ടായി. വെള്ളത്തിന്റെ അഭാവം, കെട്ടിട സൗകര്യമില്ലായ്മ, കോമ്പൗണ്ട് വാൾ ഇല്ലായ്മ, ഇങ്ങനെ നിരവധി ക്ലേശങ്ങളുടെ നടുവിലാണ് ഈ കേന്ദ്രം ഇന്ന് പ്രവർത്തിച്ചുവരുന്നത്. ഇത് ഒരു ഒന്നാംതരം സ്ഥലത്താണ്, വർക്കല ബീച്ചിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഒരു ഒന്നാംതരം പ്രകൃതി ചികിൽസാകേന്ദ്രം വളർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളും നാം അടിയന്തിരമായി സ്വീകരിക്കണം. ശ്രീ. വി. എം. സുധീരൻ അടക്കമുള്ളവർക്ക് വയസ്സുകാലത്ത് വേണ്ടിവന്നാൽ അവിടെ ചികിൽസയ്ക്കുള്ള സൗകര്യങ്ങളുണ്ടാകും. അതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണം. ഇതിൽ നമ്മുടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വാക്കുപോലെയാകരുത്. ശ്രീ. ആര്യാടൻ മുഹമ്മദ് വർക്കലയിൽ പലതും ചെയ്യാമെന്നു പറഞ്ഞു. വാക്കല്ലാതെ വേറെയൊന്നുമില്ല. അതുകൊണ്ട് ആ രീതിയിൽ ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയാകാതെ വാക്കുകൊടുക്കുവിലയും മതിച്ചുകൊണ്ട് ശ്രീ. വി. എം. സുധീരൻ അവിടെ പറഞ്ഞ കാര്യങ്ങൾ വിശദമായി സഭയിൽ പറയുകയും സഭ മുമ്പാകെ അതിന്റെ വികസനം സംബന്ധിച്ച രൂപരേഖ അവതരിപ്പിച്ച് ഊന്നൽ നൽകുകയും ചെയ്യുന്നുമെന്നും ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാനും ശ്രീ. വർക്കല രാധാകൃഷ്ണനുംകൂടി ഈ സ്ഥാപനം സന്ദർശിച്ചിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ നമ്മുടെ പഴയ ഡെപ്യൂട്ടി സ്പീക്കറും മുൻമന്ത്രിയുമായ ശ്രീ. ഉണ്ണിച്ചേട്ടൻ അവിടെയുണ്ട്. ഞാൻ അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹത്തിന്റെ കത്ത് എനിക്ക് വന്നിരുന്നു. ഈ ആശുപത്രിയെക്കുറിച്ച് ഒരു കാര്യത്തിൽ മാത്രമേ ശ്രീ. വർക്കല രാധാകൃഷ്ണനുമായി അഭിപ്രായവ്യത്യാസമുള്ളൂ. അദ്ദേഹം ഇതിന്റെ നില വളരെ ശോചനീയമാണെന്ന് പറഞ്ഞു. അത് ശരിയല്ല. വളരെ നല്ല നിലയിലാണ്. നാച്ചുറോപ്പതിയെക്കുറിച്ച് പഠിക്കുന്നതിന് നിയുക്തമായ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ അവിടെ പോവുകയും ഈ സ്ഥാപനത്തെ സംബന്ധിച്ച് വളരെ മതിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ അവിടെ ആവശ്യത്തിന് സ്റ്റാഫ് ഉണ്ട്. (മെഡിക്കൽ ആഫീസർ—3, നഴ്സ്—3, നഴ്സിംഗ് അസിസ്റ്റന്റ്—2, കുക്ക്—1, സ്കാവഞ്ചർ—1, ഗാർഡനർ—1.) ഇപ്പോൾ അവിടെ ഇരുപത് കിടക്കകളുണ്ട്. ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly